**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 97** **01-02-2023 - ൽ മറുപടിയ്ക്ക്**

**പോലീസുകാരുടെ ഗുണ്ടാമാഫിയാ ബന്ധം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | പോലീസുകാരുടെ ഗുണ്ടാമാഫിയാ ബന്ധം വളരെ കൂടിവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അങ്ങനെയുള്ള പോലീസുകാരുടെ എണ്ണം ജില്ലതിരിച്ച് ലഭ്യമാക്കുമോ; | (എ) | വളരെ കൂടിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. സംസ്ഥാനത്ത് പോലീസ് സേനയിലെ ഉദ്യോഗസ്ഥർ ഗുണ്ടകൾ/സ്ഥിരം കുറ്റവാളികളുമായി ബന്ധം സ്ഥാപിച്ചിട്ടുള്ളതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്ത് അന്വേഷണം നടത്തുന്നതിന് ഉത്തരവായിട്ടുണ്ട്. ഗുണ്ട/സ്ഥിരം കുറ്റവാളികളുമായി ബന്ധം ആരോപിക്കപ്പെട്ട് വകുപ്പ് തല നടപടിക്ക് വിധേയരായവരുടെ എണ്ണം ജില്ല/യൂണിറ്റ് തിരിച്ച് ചുവടെ ചേർക്കുന്നു.<br><br>തിരുവനന്തപുരം സിറ്റി - 1<br><br>തിരുവനന്തപുരം റൂറൽ -7<br><br>കോട്ടയം - 3<br><br>ത്രിശ്ശൂർ സിറ്റി -1<br><br>റെയിൽവേസ് -1<br><br>വിജിലൻസ് ആന്റ് അന്റി കറപ്ഷൻ ബ്യൂറോ - 1<br><br>**ആകെ -14** |
| (ബി) | പോലീസുകാരുടെ ഗുണ്ടാമാഫിയാ ബന്ധം രഹസ്യമായി കണ്ടെത്തി റിപ്പോർട്ട് ചെയ്യേണ്ട സ്പെഷ്യൽ ബ്രാഞ്ച് നിഷ്ക്രിയമായതുകൊണ്ടാണോ പോലീസുകാരുടെ ഗുണ്ടാമാഫിയാ ബന്ധം കൂടിവരുന്നത്, വ്യക്തമാക്കാമോ; | (ബി) | പോലീസ് ഉദ്യോഗസ്ഥരുടെ അത്തരം ബന്ധങ്ങൾ സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ച് നിരന്തരമായി നിരീക്ഷിച്ച് നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | സ്പെഷ്യൽ ബ്രാഞ്ചിന്റെ ചുമതലയുള്ള ഡി.വൈ.എസ്.പി. മാരുടെ അവലോകനയോഗം മാസത്തിൽ എത്ര തവണയാണ് നടക്കുക; അവസാനമായി നടന്ന തീയതി എന്നാണ്; | (സി) | സംസ്ഥാന സ്പെഷ്യൽ ബ്രാഞ്ചിന്റെ ചുമതലയുള്ള റേഞ്ച് എസ്.പി.മാരുടേയും ഡി.വൈ.എസ്.പി. മാരുടേയും പ്രവർത്തനങ്ങൾ ദൈനംദിനം അവലോകനം ചെയ്ത് വരുന്നു. |
| (ഡി) | ഈ സ്പെഷ്യൽ ബ്രാഞ്ചിലെ ഉദ്യോഗസ്ഥർക്കും | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| | ഗുണ്ടകളുമായി ബന്ധമുണ്ടെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവരുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ? | | |

സെക്ഷൻ ഓഫീസർ